## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2581** **09.05.2017 ൽ മറുപടിയ്ക്ക്**

**ജൈവ കൃഷിയിലേക്ക് തിരിയുമ്പോൾ കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ. പി | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ജൈവ കൃഷിക്കാവശ്യമായത്ര ജൈവവളങ്ങൾ സംസ്ഥാനത്ത് ലഭ്യമാണോ എന്നു പരിശോധിക്കുമോ; | എ) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി 2016-17- ൽ അനുമതി ലഭിച്ച് പൂർത്തീകരിച്ചതും നടപ്പിലാക്കി കൊണ്ടിരിക്കുന്നതുമായ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1) നല്ല കൃഷി മുറകൾ (ജി.എ.പി) പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ഒരു ഹെക്ടറിന് 3,000/- രൂപ നിരക്കിൽ ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുകയും ചെയ്തു. പ്രസ്തുത ക്ലസ്റ്ററുകളിൽ നിന്നുള്ള ഉല്പന്നങ്ങൾ ജി.എ.പി സർട്ടിഫിക്കേഷൻ നൽകി നിർദ്ദിഷ്ട ലോഗോയിൽ "കേരള ഓർഗാനിക്" എന്ന ലേബലിൽ കൃഷി വകുപ്പ് വിപണനം നടത്തി വരുന്നു.<br>2) ജൈവ പച്ചക്കറി വിപണനം നടത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലുമായി 66 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു.<br>3) വിഷരഹിത പഴം- പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് ക്ലസ്റ്ററുകൾ രൂപീകരിച്ച് നല്ല കൃഷി മുറകൾ പാലിച്ചു കൃഷി ചെയ്ത് വിഷരഹിതവും, ജൈവവളം മാത്രം ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്നതുമായ പഴങ്ങളും പച്ചക്കറികളും സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലേയും ഇക്കോഷോപ്പുകൾ വഴി ജി.എ.പി ക്ലസ്റ്ററുകളിൽ നിന്നും കാർഷികോല്പന്നങ്ങൾ ശേഖരിച്ച് വില്പന |

നടത്തി വരുന്നു. കൂടാതെ ജി.എ.പി ക്ലസ്റ്ററുകളിലെ കർഷകരിൽ നിന്നു പച്ചക്കറികളും പഴവർഗ്ഗങ്ങളും സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് മുതലായവ നടത്തി നഗരസഭകളിലും, മുനിസിപ്പാലിറ്റികളിലുമുള്ള റെസിഡൻസ് അസോസിയേഷൻ മുഖേന വില്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകുകയുണ്ടായി.

4) ടി രീതിയിൽ കൃഷി ചെയ്യുന്ന ഉല്പന്നങ്ങൾ "കേരള ഓർഗാനിക്" എന്ന ലേബലിൽ ജി.എ.പി സർട്ടിഫിക്കേഷനോടും കൂടി ഇക്കോഷോപ്പ് മുഖാന്തിരം വില്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ കർഷകർക്ക് പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകി.

5) ജൈവ കൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നതിനായി 123 ലക്ഷം രൂപ ചെലവഴിച്ചു.

6) കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകുകയുണ്ടായി.

ഈ സാമ്പത്തിക വർഷവും ടി പ്രവർത്തനങ്ങൾ തുടർന്നും നടപ്പിലാക്കുന്നു.

ജൈവ കൃഷിക്കാവശ്യമായ ജൈവവളങ്ങൾ കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷത്തിൽ 1622 റ്ററൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും നിർമ്മിക്കുകയും റ്ററൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000/- രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7,500/- രൂപ വീതവും ധനസഹായവും നൽകി. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ 146 ബ്ലോക്കുകളിൽ 5 റ്ററൽ കമ്പോസ്റ്റ് യൂണിറ്റ് വീതം 730 റ്ററൽ കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിനായി 36.50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| | | | |
|---|---|---|---|
| ബി) | വിളകളെ ബാധിക്കുന്ന രോഗ-കീടങ്ങൾക്ക് മതിയായ ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ ഇന്ന് നിലവിലുണ്ടോ; ജൈവ കൃഷിയുമായി ബന്ധപ്പെട്ടുള്ള ഗവേഷണങ്ങൾ നടന്നു വരുന്നുണ്ടോ; | ബി) | വിളകളെ ബാധിക്കുന്ന രോഗ-കീടങ്ങൾക്ക് മതിയായ ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ നിലവിൽ ഉണ്ട്. രാസകീടനാശിനികൾ ഉപയോഗിക്കാതെയുള്ള സംയോജിത കീട നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനാണ് കൃഷി വകുപ്പ് കർഷകർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. ജൈവ കൃഷിയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ കാർഷിക സർവ്വകാലാശാല നടത്തിവരുന്നു. |
| സി) | ജൈവ കൃഷിയിലേക്ക് തിരിയുമ്പോൾ കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ? | സി) | ജൈവ കൃഷിയിലേയ്ക്ക് തിരിയുമ്പോൾ കർഷകർക്ക് വലിയ തോതിലുള്ള നഷ്ടം സംഭവിക്കുന്നില്ല. മാത്രമല്ല ജൈവ ഉല്പന്നങ്ങൾക്ക് മറ്റ് ഉല്പന്നങ്ങളെക്കാൾ ഉയർന്ന വില മാർക്കറ്റിൽ ലഭ്യമാകുന്നുണ്ട്. കൂടാതെ ജൈവ കൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 3,000/- രൂപ വീതം ധനസഹായം നൽകുന്നതിന് 375 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. ജൈവ കൃഷി നടത്തുന്ന കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് നടത്തി നഗരസഭകളിലും , മുനിസിപ്പാലിറ്റികളിലുമുള്ള റെസിഡൻസ് അസോസിയേഷനുകൾ മുഖേന ഉപഭോക്താക്കൾക്ക് വിൽപന നടത്തുന്നതിന് 21 ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി രീതിയിൽ കൃഷി ചെയ്യുന്ന ഉല്പന്നങ്ങൾ "കേരള ഓർഗാനിക്" എന്ന ലേബലിൽ ജി.എ.പി സർട്ടിഫിക്കേഷനോടും കൂടി ഇക്കോഷോപ്പ് മുഖാന്തിരം വില്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ കർഷകർക്ക് പ്രോത്സാഹന തുകയും (ഇൻസെന്റീവ്) നൽകുന്നുണ്ട്. |

S. [signature]

**സെക്ഷൻ ഓഫീസർ**